**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1977** **14-10-2024 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിൽ ട്രസ്റ്റുകളുടെയും ഫാമിംഗ് സൊസൈറ്റികളുടെയും പേരിൽ ഭൂമി കയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അട്ടപ്പാടിയിലെ നാല്പതോളം ആദിവാസികൾ മുഖ്യമന്ത്രിക്ക് നേരിട്ട് നൽകിയ പരാതിയിൽ എന്തെല്ലാം കാര്യങ്ങളിലാണ് നടപടി ആവശ്യപ്പെട്ടത്; | (എ) | അട്ടപ്പാടിയിലെ ആദിവാസികൾ മുഖ്യമന്ത്രിക്ക് നേരിട്ട് നൽകിയ പരാതിയിൽ നടപടി ആവശ്യപ്പെട്ടിട്ടുള്ളവ ചുവടെ ചേർക്കുന്നു:<br>1. ടി.എൽ.എ ഭൂമികൾ വിട്ടു നൽകണം.<br>2. ആദിവാസികളല്ലാത്തവർക്ക് നികുതി രസീതും കൈവശരേഖയും നൽകരുത്.<br>3. പോലീസ് സാന്നിധ്യത്തിൽ ആദിവാസികളെ ഭീഷണിപ്പെടുത്തി ഭൂമി കയ്യേറരുത്.<br>4. ടി.എൽ.എ ഉത്തരവായ കേസുകളിൽ സമയക്രമം അനുസരിച്ച് നടപടി പൂർത്തിയാക്കണം.<br>5. ടി.എൽ.എ കേസിൽ ആദിവാസികൾക്ക് നഷ്ടമായ ഭൂമിക്ക് പകരം കൃഷിയോഗ്യവും വാസയോഗ്യവുമായ ഭൂമി നൽകണം.<br>6. കോട്ടത്തറ വില്ലേജിലെ വൻതോതിലുള്ള ആദിവാസി ഭൂമി കയ്യേറ്റം തടയണം.<br>7. വിവിധ കാലത്ത് നടന്ന പട്ടയമേളകളിൽ ആദിവാസികൾക്ക് പട്ടയം ലഭിച്ചിട്ടില്ല.<br>8. ശ്മശാനത്തിലേക്കും ക്ഷേത്രത്തിലേക്കും കുടിവെള്ള നീരുറവകളിലേക്കും ആദിവാസികൾ പോകുന്ന വഴികൾ ഉൾപ്പെടെ കെട്ടിയടച്ച് ബോർഡുകൾ വയ്ക്കുന്നത്.<br>9. ഡിജിറ്റൽ സർവ്വെ എന്ന പേരിൽ നടക്കുന്നത് ആദിവാസി ഭൂമി കയ്യേറ്റം.<br>10. ആദിവാസികളുടെ കുടുംബ ഭൂമികൾ അടിയന്തരമായി അളന്നു തിരിച്ച് രേഖകൾ നൽകുന്നതിനുള്ള ചെലവ് സർക്കാർ ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ വകുപ്പ് നേരിട്ട് രജിസ്ട്രേഷൻ വകുപ്പിന് നൽകണം.<br>11. കൃഷിക്കു വേണ്ടി നൽകിയ പമ്പ് സെറ്റുകൾ ഒന്നും പ്രവർത്തിക്കുന്നില്ല. |

| | | | |
|---|---|---|---|
| | | | 12. ദേശീയ അവാർഡ് നേടിയ ഗായിക നഞ്ചിയമ്മയുടെ കുടുംബ ഭൂമി വ്യാജ നികുതി രസീത് ഉണ്ടാക്കി തട്ടിയെടുത്തു.<br>13. ഉന്നതതല സമിതിയുടെ നേതൃത്വത്തിൽ അട്ടപ്പാടിയിലെ ഭൂമി കയ്യേറ്റം അന്വേഷിക്കാൻ സർക്കാർ ഉത്തരവിടണം. അപേക്ഷകൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് മുഖ്യമന്ത്രി നിർദ്ദേശം നൽകിയിരുന്നു. |
| (ബി) | അട്ടപ്പാടിയിൽ ഏതെല്ലാം ട്രസ്റ്റുകളുടെയും ഫാമിംഗ് സൊസൈറ്റികളുടെയും പേരിൽ ഭൂമി കയ്യേറ്റം നടക്കുന്നുവെന്നാണ് പ്രസ്തുത പരാതിയിൽ ചൂണ്ടിക്കാണിച്ചത്; | (ബി) | അട്ടപ്പാടിയിൽ ചാലക്കുടി സനാതന ധർമ്മ ട്രസ്റ്റ്, അഗ്രി ഫാം, പാലാരിവട്ടം നവജീവൻ ചാരിറ്റബിൾ ട്രസ്റ്റ്, വിദ്യാധിരാജ ട്രസ്റ്റ്, കോട്ടത്തറ അഗ്രീ ഫാമിങ്ങ് സൊസൈറ്റി എന്നിവയുടെ പേരിൽ ഭൂമി കയ്യേറ്റം നടക്കുന്നുവെന്നാണ് പ്രസ്തുത പരാതിയിൽ സൂചിപ്പിച്ചിട്ടുള്ളത്. |
| (സി) | ട്രസ്റ്റുകളുടെ പേരിൽ വ്യാജരേഖ നിർമ്മിച്ച് ആദിവാസി ഭൂമി കയ്യേറുന്നത് സംബന്ധിച്ച് ഉന്നതതല അന്വേഷണം നടത്തണമെന്ന് ആദിവാസികൾ ആവശ്യപ്പെട്ടിരുന്നോ; | (സി) | ആവശ്യപ്പെട്ടിരുന്നു. |
| (ഡി) | അട്ടപ്പാടിയിലെ ആദിവാസി ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് വാർത്ത നൽകിയ മാധ്യമ പ്രവർത്തകന്റെ പേരിൽ 2023 സെപ്റ്റംബർ 23ന് എഫ്.ഐ.ആർ. തയ്യാറാക്കുകയുണ്ടായോ; | (ഡി) | 2023 സെപ്റ്റംബർ 23ന് അഗളി സബ് ഡിവിഷനിൽ മാധ്യമ പ്രവർത്തകന്റെ പേരിൽ എഫ്.ഐ.ആർ. തയ്യാറാക്കിയിട്ടില്ലാത്തതാണ്. |
| (ഇ) | അഗളി ഡി.വൈ.എസ്.പി.ക്കും എസ്.എച്ച്.ഒ.ക്കും ഭൂമാഫിയയുമായി ബന്ധമുണ്ടെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഈ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (ഇ) | റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ വാചകീയ അന്വേഷണം നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. അന്വേഷണ നടപടികൾ പൂർത്തിയായിട്ടില്ല. |
| (എഫ്) | ഇക്കാര്യങ്ങളിൽ ഒരു ഉന്നതതല അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | അട്ടപ്പാടിയിലെ ആദിവാസികൾ സമർപ്പിച്ച അപേക്ഷയിലെ ആവശ്യങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് അപേക്ഷ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ